(ബി) ബാക്കി 7 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ആർ. ഇ. സി.-യിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി) പദ്ധതി ചെലവിന്റെ 90% ഗ്രാന്റായും ബാക്കി 10% (5% പലിശയോടു കൂടിയ) മൃദുവായ്പയായുമാണ് ലഭിക്കുന്നത്.

(ഡി) തുക ലഭിക്കുന്നതനുസരിച്ച് പദ്ധതി പ്രകാരമുള്ള കരകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

മെറ്റീരിയൽസ് ലഭ്യമാക്കി വിവിധ പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

73 [376] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിൽ വിവിധ പദ്ധതികളിലായി തുക നിക്ഷേപിച്ച് വർഷങ്ങളായിട്ടും ആവശ്യമായ മെറ്റീരിയൽസിന്റെ ലഭ്യതയ്മ കാരണം പണികൾ പൂർത്തിയാക്കാൻ കഴിയാത്ത വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം. പി., എം. എൽ. എ. തുടങ്ങിയവരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾ തുടങ്ങിയവയിൽ മെറ്റീരിയൽസ് ലഭ്യമല്ലാത്തതിനാൽ കെ. എസ്. ഇ. ബി. ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ സമയബന്ധിതമായ പരിപാടി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുടെ എണ്ണം താഴെ ചേർക്കുന്നു:

എ. പി. ഫണ്ട്	-	73
എം. എൽ. എ. ഫണ്ട്	-	381
പി. പി. എസ്.	-	1107
എസ്. സി./എസ്.ടി. പദ്ധതികൾ	-	58

(സി) പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുത ഉല്പാദന പദ്ധതികളുമായി ബന്ധപ്പെട്ട റിസർവോയറുകളിലെ സംഭരണശേഷി

74 [377] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly